# ഗവ. എൽ.പി.എസ് മുടിക്കുന്ന്

## കാരയ്ക്കാട്

### ചെങ്ങന്നൂർ ഉപജില്ല



# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025

## സ്കൂൾ കോഡ്: 36305

## ആമുഖം

പൊതുവിദ്യാലയങ്ങളെ പൊതു സമൂഹത്തിന്റെ പിന്തുണയോടെയും പിൻബലത്തോടെയും പൂർണ്ണമായ പങ്കാളിത്തത്തോടെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുവേണ്ടിയും കാലത്തിനനു സരിച്ചുള്ള കരിക്കുലം പരിഷ്കരണത്തെയും അക്കാദമിക മികവിന്റെയും അടിസ്ഥാനമാക്കി തകർച്ച നേരിടുന്ന കാർഷിക പാരിസ്ഥിതിക സാമൂഹിക സാംസ്കാരിക ആരോഗ്യ മേഖലകളുടെ ഉണർവ്വിനും തലമുറകളെ പ്രാപ്തരാക്കുക. ദേശീയ വിദ്യാഭ്യാസ നയപ്രകാരം എല്ലാ കുട്ടികൾക്കും സൗജന്യവും നിർബ്ബന്ധിതവും സാർവ്വത്രികവുമായ വിദ്യാഭ്യാസം എന്ന ലക്ഷ്യം മുന്നിൽ കണ്ടു കൊണ്ട് പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പാക്കിവരുന്നത്. അതിലൂടെ പൊതുവിദ്യാലയങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നു.

## ലക്ഷ്യങ്ങൾ

മുഴുവൻ കുട്ടികൾക്കും പാഠ്യവിഷയങ്ങളായ ഭാഷ, ഗണിതം, ശാസ്ത്രം എന്നിവയ്ക്ക് അടിസ്ഥാനം ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ഓരോ മോഡ്യൂൾ ഉപയോഗിച്ച് 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് പരിഹാരബോധനം, ക്ലാസ്സ് പിടിഎ യിലൂടെ രക്ഷിതാക്കൾക്ക് ബോധവൽക്കരണം, അച്ചടക്കത്തിന്റേയും സമഭാവനയുടേയും ചുമതലകൾ ബോധനത്തിന്റെയും സർഗ്ഗാത്മകതയുടെയും ശീലങ്ങൾ ഊട്ടിഉറപ്പിക്കുന്ന രീതിയിലുള്ള അസംബ്ലികൾ വിവിധ ക്ലബ്ബുകളുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ (റീഡേഴ്സ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് മുതലായവ) മികച്ച ലൈബ്രറിയിലൂടെ വായനാശീലം ആധുനിക സാങ്കേതിക വിദ്യയിലൂടെ പുതിയ പഠന പ്രവർത്തനങ്ങൾ, പ്ലാസ്റ്റിക് വിമുക്ത, പുകയില വിമുക്ത, സുരക്ഷിത വിദ്യാലയ അന്തരീക്ഷം, കാർഷിക സംസ്കൃതി.

# ചരിത്രം

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ സബ് ജില്ലയിൽ മുളക്കുഴ പഞ്ചായത്തിൽ 7-ാം വാർഡിൽ മുടിക്കുന്ന് ഗവ. എൽ.പി.എസ്. സ്ഥിതിചെയ്യുന്നു.

ഏകദേശം 200 വർഷങ്ങൾക്കു മുമ്പ് ചെറുകാലേത്ത് കുടുംബവകയായി ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനും ക്രിസ്തീയ മതപഠനത്തിനുമായി തുടങ്ങിയ മത പാഠശാലയായിരുന്നു ഈ സ്ഥാപനം. അതിനു ശേഷം നിലത്തെഴുത്തിന് പ്രാമുഖ്യം നൽകുന്ന പാഠശാലയായി മാറി.

1925-ാം വർഷത്തിൽ 1 മുതൽ 5 വരെയുള്ള മാനേജ്മെന്റ് സ്കൂൾ എന്ന നിലയിൽ സ്ഥാപനം മാറി. അതിനു ശേഷം 1957-ൽ അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ. ജോസഫ് മുണ്ടശ്ശേരിയുടെ കാലത്താണ് സർക്കാർ ഈ സ്കൂൾ ഏറ്റെടുത്തതും ഇന്നത്തെ നിലയിലുള്ള ഗവ. ലോവർ പ്രൈമറി സ്കൂൾ ആയി മാറിയതും.

ആദ്യകാലത്ത് മേൽക്കൂര ഓല മേഞ്ഞതായിരുന്നു. പിന്നീട് ഏകദേശം 2-8-1995-ൽ മേൽക്കൂര ആസ്ബറ്റോസ് ആക്കി പ്രവർത്ത നമാരംഭിച്ചു.

ഈ സ്കൂളിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ പല മഹത്വ്യക്തികളും ഇന്ന് ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ഉന്നത പദവികൾ അലങ്കരിക്കുന്നുണ്ട്. ഇന്ന് സ്കൂൾ നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഈ സ്കൂളിൽനിന്നും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി ഉന്നതനിലയിൽ എത്തിച്ചേർന്നവരിൽ ചിലർ ആയൂർവേദ ഡോക്ടറായിരുന്ന ഡോ. സി.എ. രാമൻ, മിലിട്ടറി ഡോക്ടറായിരുന്ന കേണൽ സണ്ണി ജോസഫ് വർഗ്ഗീസ് ഹേമറ്റോളജി ഡോക്ടറേറ്റ് നേടിയിട്ടുണ്ട്. കമാൻഡോർ പോസ്റ്റ് വരെ എത്തിച്ചേർന്ന ജോസ് ജോസഫ്, ദേശീയ വനിതാകമ്മീഷൻ സെക്രട്ടറി പി.ആൻടി സെക്രട്ടറി ആയിരുന്ന ലൈലാമ്മ ജോസഫ്, തിരുവനന്തപുരം അക്കൗണ്ടന്റ് ജനറലായിരുന്ന പി.കെ. ജോസഫ്, കസ്റ്റംസ് കമ്മീഷണറായിരുന്ന സാബു ജോസഫ് ഐഎഎസ് എന്നിവർ ഇവിടെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയവരാണ്. വിദേശത്തും സ്വദേശത്തും എൻജിനീയറിംഗ് അദ്ധ്യാപന മേഖലയിൽ വ്യക്തിമുദ്ര പതിപ്പിച്ച പല പ്രമുഖരും ഇവിടെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയവരാണ്.

ഇപ്പോൾ രാഷ്ട്രീയ-സാമൂഹികരംഗത്ത് പ്രവർത്തിക്കുന്ന പലരും ഇവിടെ പഠിച്ചവരാണ്. കഴിഞ്ഞവർഷങ്ങളിൽ സംസ്ഥാനതലത്തിൽ പഞ്ചവാദ്യത്തിന് ഗ്രേഡ് നേടിയ കുട്ടികളായ ആരോമൽ ഗോകുൽ, ദേവദാസ് എന്നിവർ ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികളാണ്. തുടർച്ച യായി നാടോടിനൃത്തത്തിന് എ ഗ്രേഡ് നേടിയ അനഘ എസ്. ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിനിയാണ്.

## കാഴ്ചപ്പാട്

അക്കാദമികവും ഭൗതികവുമായ മേഖലകളിൽ മുമ്പെങ്ങും ഇല്ലാത്ത മാറ്റങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ സ്കൂൾ ഭൗതികമായി ഉയരേണ്ടതുണ്ട്. പൊതു സമൂഹത്തിന്റെ ആശയവും ആവേശവും ഉൾക്കൊണ്ട് പുതിയ തലങ്ങളിലേക്ക് വികസിക്കണം. ആധുനിക സാങ്കേതികവിദ്യാഭ്യാസ സാദ്ധ്യതകളെ വിദ്യാർത്ഥികളുടെ പഠന പരിസരവുമായി ഫലപ്രദമായി വിനിയോഗിക്കേണ്ടത് ആവശ്യമാണ്.

ഐസിടി സാദ്ധ്യത മെച്ചപ്പെടുത്തിയാൽ കുട്ടികളുടെ പഠന നിലവാരം ഉയർത്തി ഗുണമേന്മയുള്ള വിദ്യാഭ്യാസം പ്രധാനം ചെയ്യാൻ കഴിയും. ലാബ് സൗകര്യങ്ങൾ മെച്ചപ്പെടുത്തി കുട്ടികളുടെ ശാസ്ത്രപരമായ കഴിവുകൾ മെച്ചപ്പെടുത്താം. പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ശാസ്ത്രപരമായ വിവിധ മേഖലകളിൽ കുട്ടിക്ക് ശേഷികൾ ആർജ്ജിക്കാൻ കഴിയും.

ലൈബ്രറി നവീകരണത്തിലൂടെയും വായനാശീലം കൂടുതൽ മെച്ചപ്പെടുത്താം. അമ്മവായനയിലൂടെ രക്ഷിതാക്കൾക്കും വായനാ ശീലം വളർത്തി കുട്ടികളെ വാനയയുടെ മുൻനിരയിലെത്തിക്കാം.

ഓരോ വിദ്യാർത്ഥികളുടേയും നൈസർഗ്ഗീകമായ കഴിവുകളും അഭിരുചികളും വികസിപ്പിക്കുന്നതിന് വിദഗ്ദ്ധരായ അദ്ധ്യാപ കരുടെ നിർദ്ദേശങ്ങളും ക്ലാസ്സുകളും ആഴ്ചയിലൊരിക്കലെ ങ്കിലും ലഭ്യമാക്കുകവഴി കൂട്ടികളുടെ കലാപരമായ കഴിവുകൾ വികസിക്കുന്നതാണ്. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കാൻ വേണ്ടി ജൈവപച്ചക്കറി തോട്ടം നടപ്പിലാക്കുന്നതിനുവേണ്ട സഹായസഹകരണങ്ങൾ കൃഷിഭവനിൽ നിന്നും മറ്റ് ശ്രോതസ്സുകളിൽനിന്നും ലഭ്യമാക്കണം. സ്കൂളിന് സംരക്ഷണ ഭിത്തി നിർമ്മിച്ച് നൽകുക, സ്കൂൾ കെട്ടിടം മനോഹരമാക്കുക, സ്കൂളിന് ഒരു പ്രീ-പ്രൈമറി കെട്ടിടം അനുവദിക്കുക, അതിനുള്ള അദ്ധ്യാപകരേയും നിയമിക്കുക, സ്കൂളിന് ആവശ്യമുള്ള ഉപകരണങ്ങൾ ലഭ്യമാക്കുക,

## നിലവിലെ ഭൗതിക സാഹചര്യങ്ങൾ

2023-24 ൽ 1 മുതൽ 4 വരെ ക്ലാസുകൾ പ്രവർത്തിക്കുന്ന സ്കൂൾ കെട്ടിടത്തിന്റെ മേൽക്കൂരയുടെ ആസ്ബറ്റോസ് ഷീറ്റ് മാറ്റി **GI** ഷീറ്റ് സ്ഥാപിച്ചു. സീലിംഗ് ചെയ്തു.

ബഹു: സാംസ്കാരിക വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാൻ എം.എൽ.എ യുടെ വികസനഫണ്ടിൽ നിന്നും അനുവദിച്ച പുതിയ സ്കൂൾ കെട്ടിടം 2024-25 ൽ (1 കോടി രൂപ) പൂർത്തിയായി.

പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം ബഹു: വിദ്യാഭ്യാസ മന്ത്രി ശ്രീ. വി.ശിവൻകുട്ടി 2024 ജൂലായ് മാസത്തിൽ നിർവ്വഹിച്ചു. ഇപ്പോൾ ക്ലാസുകൾ നടക്കുന്നത് പുതിയ കെട്ടിടത്തിലാണ്

**KITE** ൽ നിന്നും അനുവദിച്ച ഒരു ലാപ്പ് ടോപ്പ്, പ്രൊജക്ടർ ഇവ മാത്രമാണ് നിലവിൽ സ്കൂളിൽ ഉള്ളത്. പഠനത്തിൽ പരിമിതമായ സൗകര്യത്തിൽ **ICT** ഉപയോഗപ്പെടുത്തുന്നുണ്ട്. **ICT** സൗകര്യം എല്ലാ ക്ലാസിലും പ്രയോജനപ്പെടുത്താൻ ആവശ്യമായ ലാപ്ടോപ്പുകൾ ക്ലാസ് അടിസ്ഥാനത്തിൽ ലഭ്യമാകേണ്ടതുണ്ട്.

## അക്കാദമികം

2024-ൽ ഉദ്ഘാടനം ചെയ്ത പുതിയ കെട്ടിടത്തിലാണ് ഇപ്പോൾ ക്ലാസുകൾ നടക്കുന്നത്. ഈ കെട്ടിടത്തിൽ 4 - ക്ലാസ്സുറികളാണുള്ളത്. കുട്ടികൾ കുറവായതിനാൽ ഈ നാലു ക്ലാസ് മുറികളിലായിട്ടാണ് ഓഫീസും പ്രീപ്രൈമറിയും ഉൾപ്പെടെ സ്കൂൾ പ്രവർത്തിക്കുന്നത്. സ്കൂൾ അസംബ്ലി എല്ലാ ദിവസവും നടത്താറുണ്ട്. എല്ലാ ദിനാചരണങ്ങളും സ്കൂൾ തലത്തിൽ ആചരിക്കാറുണ്ട്. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ക്വിസ് മത്സരങ്ങൾ, പ്രസംഗ മത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കാറുണ്ട്. സബ്ജില്ലാ തലത്തിലുള്ള എല്ലാ മേളകളിലും (സ്കൂൾ കലോത്സവം , ശാസ്ത്രമേള, സ്പോർട്സ്, എൽ എസ് എസ് പരീക്ഷ, യൂറിക്കാ വിജ്ഞാനോത്സവം ) കുട്ടികളെ പങ്കെടുപ്പിക്കാറുണ്ട്.

2025-26 അധ്യയന വർഷത്തിൽ സ്കൂളിലെ ഹെഡ്മാസ്റ്ററായി ശ്രീ. രാജേഷ് ആർ ചുമതല ഏറ്റെടുത്തു. ശ്രീമതി. അഞ്ജലി വി , ശ്രീലക്ഷ്മി എസ്, സുറുമി എ , എന്നിവരാണ് മറ്റ് അധ്യാപികമാർ. മൂന്നു പേരും പുതിയതായി പി.എസ് സി നിയമനം ലഭിച്ചവരാണ്. ശ്രീമതി. പ്രസീത പ്രീപ്രൈമറി ടീച്ചറാണ്. പി റ്റി സി എം ആയ മിനി സി.എസ്, ശ്രീമതി രമണി ഇ.പി (പാചകം) എല്ലാവരും ചേർന്ന് മികച്ചരീതിയിൽ സ്കൂൾ പ്രവർത്തനങ്ങൾ നടത്തുന്നു.

| | | | | |
|---|---|---|---|---|
|  |  |  |  |  |
| **രാജേഷ് ആർ**<br>ഹെഡ്മാസ്റ്റർ | **അഞ്ജലി വി**<br>അധ്യാപിക ക്ലാസ് 4 | **ശ്രീലക്ഷ്മി.എസ്**<br>അധ്യാപിക ക്ലാസ് 1 | സുറുമി എ<br>അധ്യാപിക ക്ലാസ് 2 | പ്രസീത<br>പ്രീപ്രൈമറി ടീച്ചർ |

## എസ്. എം.സി

**2025-26 അധ്യയന വർഷത്തിൽ പുതിയ SMC ചുമതലയേറ്റു.**
**ശ്രീ : ഗിരീഷ്കുമാർ പി.കെ ആണ് SMC ചെയർമാൻ. എസ്. എം.സി നല്ല രീതിയിൽ പ്രവർത്തിക്കുന്നു. സ്കൂൾ പ്രവർത്തനങ്ങൾക്ക് എസ് എം സിയുടെ നേതൃത്വത്തിൽ എല്ലാ രക്ഷിതാക്കളുടേയും ആത്മാർഥമായ സഹകരണമുണ്ട്. വാർഡു മെമ്പർ ശ്രീമതി. പുഷ്പകുമാരി സ്കൂൾ പ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിക്കുന്നു. പഠനയാത്ര എല്ലാ വർഷവും നടത്തുന്നുണ്ട്. പൂർവ്വ വിദ്യാർത്ഥികളുടെ സഹായം ഈ സ്കൂളിന് ലഭിക്കുന്നുണ്ട്.**

**2025-26 അദ്ധ്യയന വർഷത്തെ 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം**

| STD | BOY | GIRL | TOTAL | GENERAL | OBC | SC | ST |
|---|---|---|---|---|---|---|---|
| I | 3 | 1 | 4 | | 1 | 3 | |
| II | 2 | 1 | 3 | | 1 | 2 | |
| III | 0 | 1 | 1 | | | 1 | |
| IV | 1 | 1 | 2 | | 2 | | |

എസ്.ആർ.ജി. കൺവീനറുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ എ.എ.പി.യുടെ ആദ്യ ചർച്ചകൾ നടത്തി. അതിനു ശേഷം എസ്.എം.സി. കൂടി അഭി പ്രായങ്ങൾ ചർച്ചചെയ്ത് ഓരോരുത്തരുടേയും അഭി പ്രായങ്ങൾ രേഖപ്പെടുത്തി. വാർഡ് മെമ്പർ ശ്രീമതി പുഷ്പകുമാരി സാറിൻ്റെ മേൽനോട്ടത്തിൽ അക്കാദമിക മാസ്റ്റർ പ്ലാൻ വിലയിരുത്തി അപാകതകൾ പരിഹരിച്ചു.

ഉപമേഖല : **മലയാളം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമഗ്രികൾ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | - പ്രീടെസ്റ്റ്<br>- അക്ഷരമുറപ്പിക്കൽ<br>- അടയാളമുറപ്പിക്കൽ<br>- അക്ഷര കാർഡ്<br>- വാക്കുകളെഴുതിയ കാർഡ്<br>- പദനിർമ്മാണം<br>- വാക്യ നിർമ്മാണം<br>- ചിത്രത്തിന് അടിക്കുറിപ്പ്<br>- ചിത്ര ചാർട്ട്<br>- കഥ പറയൽ<br>- കഥ എഴുത്ത്<br>- കഥ പൂർണ്ണമാക്കാം<br>- കഥാപുസ്തകം നൽകൽ<br>- ഐടിസി കഥാപുരണം | 1 വർഷം | 1 മുതൽ 4 വരെയുള്ള അദ്ധ്യാപകർ | ചാർട്ട് പേപ്പർ പുസ്തകങ്ങൾ, സിഡി, കഥാ ചാർട്ട്, ഐസിടി | പി ടി എ എസ്എസ്എ പൂർവ്വ വിദ്യാർത്ഥികൾ<br><br>1000/- |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക | - ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>- വായനാമൂല<br>- ക്ലാസ് ലൈബ്രറികൾ രൂപീകരണം<br>- സ്കൂൾ ലൈബ്രറി നവീകരണം<br>- വായന ഉത്സവം<br>- പത്രവായന<br>- അമ്മ വായന<br>- പുസ്തക ചർച്ച | | | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമഗ്രികൾ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | - വായനാനുഭവം പങ്കുവയ്ക്കൽ<br>- പതിപ്പ് നിർമ്മാണം | 1 വർഷം | ക്ലാസ് ടീച്ചർ (1 മുതൽ 4 വരെ) | പുസ്തകങ്ങൾ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, ഐസിടി, പാത്രങ്ങൾ | പി ടി എ 1000/- |
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | - പദനിർമ്മാണം<br>- വാക്യരചന<br>- കഥാപൂരണം<br>- കുറിപ്പ് തയ്യാറാക്കൽ<br>- മാഗസിൻ<br>- ചുവർപത്രിക<br>- ആസ്വാദനക്കുറിപ്പ് | | | | |

ഉപമേഖല : **പരിസര പഠനം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമഗ്രികൾ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1) 1 മുതൽ 4 വരെ ക്ലാസുകളിലെ പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠന നേട്ടം ഉറപ്പിക്കുന്നതിനും എല്ലാ ക്ലാസിലും ശാസ്ത്ര മൂല ഉറപ്പാക്കൽ | - ലഘുപരീക്ഷണങ്ങൾ<br>- പ്രകൃതിനടത്തം<br>- പഠന യാത്ര<br>- നിരീക്ഷണങ്ങൾ<br>- കണ്ടെത്തലുകൾ<br>- നിഗമനത്തിലെത്തൽ<br>- അഭിമുഖങ്ങൾ | ജനുവരി മുതൽ മാർച്ച് ആദ്യവാരം | ക്ലാസ് ടീച്ചർമാർ (1 മുതൽ 4 വരെയുള്ള) | | എസ്എസ്എ പി ടി എ 1000/- |

മേഖല : **അക്കാദമികം**

ഉപമേഖല : **ഗണിതം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമഗ്രികൾ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1) സംഖ്യാബോധം | - ഗണിതകേളി<br>- ഗണിതപ്പാട്ട്<br>- ഗണിതച്ചുവർ<br>- സംഖ്യാപോക്കറ്റ്<br>- ഗണിതമൂല | ജനുവരി മുതൽ മാർച്ച് ആദ്യവാരം | ക്ലാസ് ടീച്ചർമാർ (1 മുതൽ 4 വരെയുള്ള) ബിആർസി | | എസ്എസ്എ പി ടി എ 1000/- |
| 2) ക്രിയാശേഷി ഉറപ്പിക്കൽ | നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ | ജനുവരി മുതൽ 3 മാസം | ക്ലാസ് ടീച്ചർ | | |
| 3) ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | വരവ് ചെലവ് കണക്കുകൾ ബില്ലുകൾ തയ്യാറാക്കൽ ചുറ്റളവ് വിസ്തീർണ്ണം തുടങ്ങിയവ കണ്ടെത്തൽ | ജനുവരി മുതൽ 3 മാസം | ക്ലാസ് ടീച്ചർ | | |
| 4) രൂപങ്ങൾ തിരിച്ചറിയൽ | വലുത്, ചെറുത്, ടാൻ ഗ്രാം ചിത്രങ്ങൾ | ഫെബ്രുവരി മുതൽ | ക്ലാസ് ടീച്ചർ | | പി ടി എ 1000/- |
| 5) മെട്രിക് മേള | ഗണിതോല്പന്നങ്ങളുടെ പ്രദർശനം | ഒരുമാസം | ക്ലാസ് ടീച്ചർ | | പി ടി എ 1000/- |

## ഉപമേഖല : **ഇംഗ്ലീഷ്**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമഗ്രികൾ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1) എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കുവാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കൽ | - വായനയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെയും എഴുത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെയും കണ്ടെത്തുന്നു. | 1 വർഷം ജനുവരി മുതൽ ഡിസംബർ വരെ | ക്ലാസ് ടീച്ചർമാർ (1 മുതൽ 4 വരെയുള്ള) | | 1000/- പി ടി എ പൂർവ്വ വിദ്യാർത്ഥികൾ |
| | - പദ കാർഡുകൾ വായിപ്പിക്കുന്നു<br>- അക്ഷരങ്ങൾകൊണ്ട് വാക്കുകൾ നിർമ്മിക്കുക<br>- വാചകങ്ങൾ വായന<br>- ചിത്ര ചാർട്ട് വായന<br>- ചിത്രങ്ങൾ കണ്ട് കഥപറയിക്കൽ<br>- ചിത്രങ്ങൾ കണ്ട് വിവരണം പറയിക്കൽ<br>- റൈംസ്<br>- പസിൽസ്<br>- ഡയറി എഴുത്ത്<br>- പതിപ്പ് നിർമ്മാണം<br>- Worlds of word | 1 വർഷം ജനുവരി മുതൽ ഡിസംബർ വരെ | | | 1000/- പി ടി എ |

# ഉപസംഹാരം

വിവിധങ്ങളായ പരിമിതികൾക്കിടയിലും മുടിക്കുന്നിൽ ഗവ. എൽ.പി. സ്കൂളിന്റെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടത്തുന്നു. വിദ്യാലയത്തിന്റെ ഓരോ പ്രവർത്തനങ്ങളും ചുവടുവയ്പ്പുകളും പ്രവർത്തിപഥത്തിലെത്തിക്കാൻ കഴിയുന്നത് ഇവിടുത്തെ നല്ലവരായ അദ്ധ്യാപകരുടെയും എസ്.എം.സിയുടെയും സഹകരണത്തോടെയാണ്. വരുംകാലങ്ങളിലും ഈ സരസ്വതി ക്ഷേത്രത്തിലേക്ക് കടന്നുവരാൻ എല്ലാവരെയും സ്വാഗതം ചെയ്യുന്നു. ഈ സ്കൂളിന്റെ നാനാതരത്തിലുള്ള വികസനത്തിനായി ഈ പ്ലാൻ സമർപ്പിച്ചുകൊള്ളുന്നു.